ശ്രീ. സി. അച്യുതമേനോൻ : കാളാന വന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാ എന്നാണ് മന്ത്രിയുടെ ഉത്തരം. പിന്നാൽ എസ്റ്റിമേറ്റ് കമ്മിറ്റി വ്യക്തമായി എഴുതിവച്ചിട്ടുണ്ട്. അപ്പോഴും അതും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണോ? ഈ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ട് പിന്നെ എന്തിനാണ് ?

ശ്രീ. ഇ. പി. പൗലോസ് : കാളാനയുടെ ഉപദ്രവം നഗരസഭയിൽ ഉണ്ടായിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലാ എന്നാണ് പറഞ്ഞത്.

ശ്രീ. ഇ. പി. ഗോപാലൻ : ഇൻഡ്യൻ കൗൺസിൽ ആഫ് ആഗ്രികൾച്ചറൽ റിസർച്ചിൽനിന്നും ഏതുതരത്തിലുള്ള സഹായമാണ് കിട്ടുന്നത് ?

ശ്രീ. ഇ. പി. പൗലോസ് : ഇവിടെ റിസർച്ചിന് സബ്സിഡി കിട്ടും.

ശ്രീ. ഇ. പി. ഗോപാലൻ : ഈ കാര്യത്തിനെ സംബന്ധിച്ചിടത്തോളം നമുക്ക് സബ്സിഡിയായി എത്രയുക കിട്ടും ?

ശ്രീ. ഇ. പി. പൗലോസ് : ഈ കാര്യം പ്രത്യേകം ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളു.

പണി പൂർത്തിയാകാത്ത റോഡുകൾ

* 788. [6] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ പണിയാരംഭിച്ച് പൂർത്തിയാകാത്ത എത്ര റോഡുകൾ കേരളത്തിലുണ്ട് ;

(ബി) മലബാർ പ്രദേശത്ത് എത്ര ;

(സി) കോഴിക്കോട് ഡിസ്ട്രിക്റ്റിൽ എത്ര ?

(ഡി) കോഴിക്കോട് ഡിസ്ട്രിക്റ്റിൽ മലപ്പുറം നിയോജകമണ്ഡലത്തിലുള്ള കോട്ടയ്ക്കൽ—ചാപ്പനങ്ങാടി റോഡ്, കൊണ്ടോട്ടി-തിരൂരങ്ങാടി റോഡ് എന്നിവകളുടെ പണികൾ പൂർത്തിയാകാതിരിപ്പാൻ കാരണം എന്ത് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ രണ്ടു റോഡുകളുടെ പണികൾ ധനദൗർലഭ്യം കാരണം മാറ്റിവച്ചിരിക്കുകയാണ്.

ശ്രീ കെ. ഹസൻഗനി : ആ റോഡുകളിലുള്ള ചില്ലറ ചില കല്ലുകൾ മറ്റും പണിതാൽ അതു സഞ്ചാരയോഗ്യമാകും എന്നുള്ളതറിയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ഈ രണ്ടു റോഡുകളുടെയും കാര്യം ഒന്നിച്ചാണ് പറഞ്ഞത്. കല്ലുകളുടെ കാര്യം ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്.

ശ്രീമതി എ. നഫീസത്തുബീവി : ആലപ്പുഴ ഈസ്റ്റ് എന്റ് ആഫ് വാടക്കൽ കനാൽ ടു പുന്നപ്ര റോഡ് പണി ആരംഭിച്ചതാണ്. അതിന്റെ വിവരം മന്ത്രിക്ക അറിയാവുന്നതാണ്. അതിന്റെ സ്ഥിതി എന്താണ്, 16 കൊല്ലമായി അതിന്റെ പണി തുടങ്ങിയിട്ട്. അതിന്റെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി പല നിവേദനങ്ങളും ആ നാട്ടുകാർ നൽകിയിട്ടുള്ളതാണ്. ആ പണി ഈ വർഷംതന്നെ പൂർത്തിയാക്കാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ഈവർഷം എന്തായാലും സാധിക്കുകയില്ല അതു ഗവണ്മെൻറിൻെറ പ്രത്യേകശ്രദ്ധയിൽ പെടുത്തിയാൽ അനേഷിക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : വിവരം ശേഖരിച്ചുവരുന്നു എന്നു പറഞ്ഞു. ഞങ്ങൾക്കു തന്നിട്ടുള്ള അപ്പെൻറിക്സിൽ വർക്സിനെപ്പറ്റി പറയുന്നുണ്ടു്. അങ്ങനെ അതിൽ കൊടുത്തിട്ടുള്ളതും അഞ്ചുവർഷമായിട്ടുള്ളതും 1959–ൽ ആർഡർ പാസാക്കീട്ടുള്ളതുമായ ശ്രീകണ്ഠപുരം—വൈരാവൂർ റോഡിൻെറ പണി ഇതുവരെ ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണമെന്താണു് ?

ശ്രീ. പി. പി. ഉമ്മർകോയ : വളരെ അധികം വർക്കുകൾ ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തീട്ടുള്ളതു സാമ്പത്തികപരിമിതി കാരണം മാറ്റിവച്ചിട്ടുണ്ടു്. അങ്ങനെ ഇതും മാറ്റിവച്ചിട്ടുള്ളതാണോ എന്നെനിക്കറിവില്ല. അതു ഏതു സ്റ്റേജിലിരിക്കുന്നു, എന്താണു് അതിൻെറ കാര്യം എന്നു് പ്രത്യേകശ്രദ്ധയിൽപെടുത്തിയാൽ അനേഷിക്കാം.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : കോഴിക്കോട്ടു ജില്ലയിലുള്ള പല റോഡുകളുടെയും പണി ആരംഭിക്കുകയും, എന്നാൽ അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ ലഭിക്കാത്തതുകൊണ്ടു് ആ തരം വർക്കുകൾ നിറുത്തിവയ്ക്കുകയും ചെയ്തിട്ടുണ്ടു്. അവ പണി പൂർത്തിയാക്കുന്നതിനു അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ ഉടനെ കൊടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : പണി തുടങ്ങുന്നതിനുമുമ്പുതന്നെ അഡ്മിനിസ്ട്രേറ്റീവു് സാംക്ഷൻ വാങ്ങണമെന്നുണ്ടു്. അങ്ങനെ അതു വാങ്ങാതെ ചില വർക്കുകൾ തുടങ്ങിയതായി അറിയാം. പക്ഷെ, ആ വർക്കുകളെല്ലാം പൂർത്തിയാക്കുന്നകാര്യം പരിശോധിക്കാതെ പറയാൻ നിവൃത്തിയില്ല.

കേന്ദ്ര റോഡുഫണ്ടിൽനിന്നുള്ള സഹായം

* 789. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രറോഡുഫണ്ടിൽനിന്നും സഹായം കിട്ടുന്ന റോഡുകളുടെ കാര്യത്തിൽ 1964–65ലേക്കു് എത്ര ഉറപ്പിക ലഭിക്കും :

(ബി) പൂന്തോട്ട–പിറവം റോഡിൻെറ പണിക്കുള്ള പണം ലഭിക്കാനുള്ള ആവശ്യത്തിന്മേൽ എന്തു മറുപടി ലഭിച്ചു ;

(സി) കേന്ദ്രസഹായം കിട്ടാൻ സാദ്ധ്യതയില്ലാത്ത ഇത്തരം പണി തുടങ്ങിയ റോഡുകൾ പൂർത്തിയാക്കാൻ സ്റ്റേറ്റുഫണ്ടു് ഉപയോഗിച്ചു നടപടികളെടുക്കുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) അതു് ഇപ്പോൾ പറയാൻ നിവ്വാഹമില്ല.

(ബി) ഈ പണിക്കുവേണ്ടി 50,000 രൂപാ അനുവദിച്ചിട്ടുണ്ടു്.

(സി) സ്റ്റേറ്റു ഫണ്ടുപയോഗിച്ചു് ഈ പണി നടത്തുന്നകാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ പണിക്കു് ആകെ മൂന്നുലക്ഷം രൂപയാണു് വേണ്ടിവരുമെന്നു കണക്കാക്കിയിട്ടുള്ളതെന്നുതോന്നുന്നു. ബാക്കിയുള്ള തുക സ്റ്റേറ്റു ഫണ്ടിൽനിന്നു ഉപയോഗിച്ചു് ഈ പണി പൂർത്തിയാക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഈ വക്കിനുവേണ്ടി ആകെ 2,67,301 രൂപയാണു വേണ്ടതു്. സെൻട്രൽ റോഡുഫണ്ടിൽനിന്നു് വെറും 50,000 രൂപയാണു സാംഗ്ഷൻചെയ്തിട്ടുള്ളതു്. ബാക്കി സ്റ്റേറ്റു ഫണ്ടിൽനിന്നു ചെലവു ചെയ്തു വർക്കുനടത്തുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly